**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ :3697**

**23/08/2017 ൽ**
**മറുപടിയ്ക്ക്**

**സെറിഫെഡ്**

**ചോദ്യം**
**ശ്രീ.പി.ടി.തോമസ്**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സുംയുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ)<br><br><br><br>(ബി) | ഇപ്പോൾ സെറിഫെഡ് പ്രവർത്തന ക്ഷമമാണോ ; വിശദാംശം നൽകുമോ ;<br><br>പ്രവർത്തനക്ഷമമല്ലെങ്കിൽ അടച്ചു പൂട്ടുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | 13/03/2010 ലെ സ.ഉ(എം.എസ്) നം.58/2010/വ്യവ പ്രകാരം സെറിഫെഡ് ലിക്വിഡേറ്റ് ചെയ്യുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ പിന്നീട് 05/08/2015 ലെ സ.ഉ.109/2015/വ്യവ പ്രകാരം സെറിഫെഡിന്റെ പോസ്റ്റ് കൊക്കൂൺ പ്രവർത്തനങ്ങൾ റിവൈവ് ചെയ്യുവാൻ തീരുമാനിച്ചു. എന്നിരുന്നാലും പട്ടുനൂൽ വസ്ത്ര നെയ്ത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കേ കേരളത്തിൽ സാദ്ധ്യതയുള്ളൂ എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ പ്രായോഗികതകൾ പരിശോധിച്ച് സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് മാത്രമേ സെറിഫെഡ് പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | സെറിഫെഡിന്റെ ബാദ്ധ്യതകൾ കൊടുത്തു തീർക്കുവാനുള്ള ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കാമോ ; | (സി) | സെറിഫെഡിന് |
| (ഡി) | സെറിഫെഡിന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്നു മുതലാണ് അടച്ചു പൂട്ടിയത്; വ്യക്തമാക്കാമോ ; | (ഡി) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന തിരുവനന്തപുരത്തെ ഹെഡ് ഓഫീസ് 6 മാസമായി ഭാഗികമായേ പ്രവർത്തിക്കുന്നുള്ളൂ. |

| | | | |
|---|---|---|---|
| (ഇ) | ഹെഡ് ഓഫീസ് പ്രവർത്തിച്ച കെട്ടിടത്തിന്റെ വാടക എന്നു മുതലാണ് കുടിശ്ശികയുള്ളത്; എത്ര രൂപയാണ് കുടിശ്ശികയുള്ളത്; ഇത് എന്ന് കൊടുക്കുമെന്ന് വ്യക്തമാക്കാമോ ; | (ഇ) | വാടക കുടിശ്ശിക ഏകദേശം 5 ലക്ഷം രൂപയാണ്. സെറിഫെഡിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വാടക കുടിശ്ശിക നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ